# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് ഇരുപത്താറ്

## രക്ഷയുടെ മൂന്നു ഘട്ടങ്ങൾ

Wed — വേദപുസ്തകത്തിന്റെ സമ്പൂർണ വെളിപ്പാടനുസരിച്ച്, ദൈവത്തിന്റെ രക്ഷയ്ക്ക് മൂന്നു ഘട്ടങ്ങളുണ്ട്. ഇത് ക്രമേണയായ പ്രക്രിയയുടെ ഒരു കാര്യമാണ്.

### I. യിസ്രായേല്യരെ സംബന്ധിച്ച്

യിസ്രായേൽമക്കൾ പങ്കെടുക്കണമെന്നു ദൈവം ഉദ്ദേശിച്ച രക്ഷ മൂന്നു സ്ഥലങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നു: അവർ വിടുവിക്കപ്പെട്ട മിസ്രയീമും, അവർ അലഞ്ഞുതിരിഞ്ഞ മരുഭൂമിയും, അവർ പ്രവേശിച്ച കനാനും. ഈ മൂന്നു സ്ഥലങ്ങളിലുള്ള അവരുടെ ചരിത്രം ദൈവത്തിന്റെ സമ്പൂർണ രക്ഷയിലുള്ള അവരുടെ പങ്കാളിത്തത്തിന്റെ മൂന്നു ഘട്ടങ്ങളെ സൂചിപ്പിക്കുന്നു. യിസ്രായേൽമക്കൾ ദൈവത്തിന്റെ മുഴുവൻ രക്ഷയും ഒരു സ്ഥലത്തു വച്ചല്ല പങ്കെടുത്തത്.

### A. മിസ്രയീമിൽ നിന്നുള്ള രക്ഷ

യിസ്രായേല്യർ മിസ്രയീമിൽവച്ച് ദൈവത്തിന്റെ രക്ഷയുടെ ആദ്യത്തെ ഘട്ടത്തിൽ പങ്കെടുത്തു. പെസഹയുടെ സമയത്ത് അവർ കുഞ്ഞാടിന്റെ വീണ്ടെടുക്കുന്ന രക്തത്തെയും (പുറ. 12:7) കുഞ്ഞാടിന്റെ പോഷിപ്പിക്കുന്ന മാംസത്തെയും (പുറ. 12:8) അനുഭവമാക്കുകയും, ദൈവത്തിന്റെ നീതിയുള്ള ന്യായവിധിയിൽനിന്നു രക്ഷിക്കപ്പെടുകയും ചെയ്തു. അവർ മിസ്രയീമിൽനിന്നു പുറപ്പെടുകയും ചെങ്കടൽ കടക്കുകയും ചെയ്തപ്പോൾ അവർ മിസ്രയീമ്യരുടെ അടിമത്തത്തിൽനിന്നും നിഷ്ഠൂരവാഴ്ചയിൽനിന്നും രക്ഷിക്കപ്പെട്ടു. ചെങ്കടൽ കടന്നശേഷം അവർ മോചിക്കപ്പെട്ടവരും സ്വതന്ത്രരാക്കപ്പെട്ടവരുമായ ഒരു ജനമായിരുന്നു. ഈ അർഥത്തിൽ, അവരെല്ലാവരും രക്ഷപ്പെട്ടിരുന്നു. ദൈവത്തിന്റെ ന്യായവിധിയിൽനിന്നും, മിസ്രയീമ്യ ബന്ധനം, നിഷ്ഠൂരവാഴ്ച, അടിമത്തം എന്നിവയിൽനിന്നും അവർ

രക്ഷിക്കപ്പെട്ടുവെന്നത് ആർക്കും നിഷേധിക്കാനാവില്ല. എങ്കിലും, അവർ ദൈവത്തിന്റെ സമ്പൂർണ രക്ഷയുടെ മൂന്നിലൊന്നിൽ മാത്രമേ പങ്കുചേർന്നുള്ളൂ. ദൈവത്തിന്റെ ന്യായവിധിയിൽനിന്നും ഫറവോന്റെ അടിമത്തത്തിൽനിന്നും അവർ രക്ഷിക്കപ്പെട്ടിരുന്നു വെങ്കിലും, ദൈവത്തിന്റെ നിത്യമായ ഉദ്ദേശ്യത്തെക്കുറിച്ചെങ്ങ നെയാണ്? ദൈവത്തിന്റെ ആവിഷ്കാരത്തെയും ആധിപത്യത്തെയും കുറിച്ചെങ്ങനെയാണ്? അക്കാലത്ത് യിസ്രായേൽമക്കളോ ടുകൂടെ ദിവ്യാവിഷ്കാരമോ ദിവ്യാധിപത്യമോ ഉണ്ടായിരുന്നില്ല. സമാഗമനകൂടാരം അതുവരെ ഉയർത്തുകയും ദൈവത്തിന്റെ ദിവ്യഭരണകൂടം ഭൂമിയിൽ സ്ഥാപിക്കുകയും ചെയ്തിരുന്നില്ല. യിസ്രായേൽമക്കൾ മിസ്രയീമിൽനിന്നും രക്ഷിക്കപ്പെട്ടിരുന്നുവെ ങ്കിലും, ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിന്റെ പൂർത്തീകരണത്തി നുവേണ്ടി അവർ ദൈവത്തിന്റെ രക്ഷയുടെ രണ്ടു ഘട്ടങ്ങൾ കൂടി അനുഭവിക്കണമായിരുന്നു.

## B. മരുഭൂമിയിലൂടെയുള്ള രക്ഷ

പെസഹാക്കുഞ്ഞാടിനെയും പുളിപ്പില്ലാത്ത അപ്പത്തെയും ഭക്ഷിച്ച സ്ഥലമായ മിസ്രയീമിൽനിന്നും യിസ്രായേല്യർ രക്ഷിക്ക പ്പെട്ടശേഷം, അവർ മരുഭൂമിയിലൂടെയുള്ള രക്ഷയെ അനുഭവിച്ചു. മിസ്രയീമിൽവച്ച് കുഞ്ഞാടിനാൽ മുൻകുറിക്കപ്പെട്ട ക്രിസ്തുവിന്റെ മധുരകരമായ ആസ്വാദനം അവർക്കുണ്ടായിരുന്നുവെങ്കിലും, അതു കേവലം പ്രാരംഭ ഘട്ടം, തുടക്കം മാത്രമായിരുന്നു. മന്നയും ജീവജലമൊഴുകുന്ന പാറയും മുൻകുറിക്കുന്ന ക്രിസ്തുവിനെ അവർ ആസ്വദിക്കുകയും പങ്കെടുക്കുകയും അനുഭവമാക്കുകയും ചെയ്യണമായിരുന്നു. മിസ്രയീമിൽനിന്നുള്ള പുറപ്പാടിനുശേഷം, മരുഭൂമി സൂചിപ്പിക്കുന്ന രണ്ടാമത്തെ ഘട്ടത്തിലേക്ക് ദൈവം അവരെ കൊണ്ടുവന്നു. മരുഭൂമിയിൽവച്ച് അവർ വിശപ്പകറ്റുന്ന മന്നയും (പുറ. 16:31-32) ദാഹം ശമിപ്പിക്കുന്ന ജലവും ആസ്വദിച്ചു (പുറ. 17:6).

മുൻകാലങ്ങളിൽ നാം പഠിച്ചിട്ടുള്ളതിന്റെ സ്വാധീനം നിമിത്തം, മരുഭൂമി എന്ന പദം നാം കേൾക്കുമ്പോഴെല്ലാം അതിനെ ഒരു മോശം പദമായി നാം ചിന്തിക്കുന്നു. ഇതൊരു നല്ല പദമല്ലെങ്കിലും അതു മൊത്തമായും മോശമല്ല. നിങ്ങൾ ഒരു ഭൂപടം പരിശോധിക്കുമെങ്കിൽ, മരുഭൂമിയിലൂടെ കടന്നുപോകാതെ യിസ്രായേൽമക്കൾക്ക് മിസ്രയീമിൽനിന്നും നല്ലദേശത്തിലേക്കു പോകുവാൻ കഴിയുമായിരുന്നില്ലെന്ന് നിങ്ങൾ കാണും. മരുഭൂമി മോശമായിരുന്നത് യിസ്രായേൽമക്കൾ അതിലൂടെ നേരിട്ട് കനാനിലേക്ക് പോകാതെ മുപ്പത്തെട്ടു വർഷത്തിലധികം അതിൽ അലഞ്ഞുതിരിഞ്ഞതുകൊണ്ടായിരുന്നു. സമയം പാഴാക്കിയതാണ് മരുഭൂമിയെ ഇത്ര മോശമാക്കിയത്. അവർ ചെങ്കടൽ കടന്ന്

മരുഭൂമിയിലൂടെ നേരിട്ട് നല്ല ദേശത്തിലേക്കു പോയിരുന്നെങ്കിൽ മരുഭൂമി ഒരു നല്ല പദമാകുമായിരുന്നു. യിസ്രായേല്യർ ക്രിസ്തുവിന്റെ മുൻകുറികളായ മന്നയും പാറയിൽനിന്നുള്ള ജലവും ആസ്വദിച്ചു എന്ന വസ്തുതയാൽ മരുഭൂമി മൊത്തത്തിൽ മോശമല്ലെന്ന് തെളിയിക്കപ്പെടുന്നു.

## C. കനാനിലേക്കുള്ള രക്ഷ

മരുഭൂമിയിൽ അലഞ്ഞതിനുശേഷം, യിസ്രായേൽമക്കൾ യോർദ്ദാൻനദി മുറിച്ചുകടക്കുകയും അവരുടെ രക്ഷയുടെ മൂന്നാമത്തെ ഘട്ടമായ കനാൻ എന്ന നല്ലദേശത്തിലേക്കു പ്രവേശിക്കുകയും ചെയ്തു. ഇവിടെ, മൂന്നാമത്തെ ഘട്ടത്തിൽ, നല്ലദേശത്തൽവച്ച് കുഞ്ഞാട്, പുളിപ്പില്ലാത്ത അപ്പം, മന്ന, വെള്ളം എന്നിവയെക്കാൾ അധികമായ ചിലത് അവർ ആസ്വദിച്ചു—കനാൻദേശത്തിന്റെ സമൃദ്ധമായ ഉൽപന്നങ്ങൾ അവർ ആസ്വദിച്ചു. നാൽപതു വർഷത്തോളം അവർ മരുഭൂമിയിൽ ദിവസവും മന്ന ഭക്ഷിച്ചിരുന്നെങ്കിലും അവർ നല്ലദേശത്തിലേക്കു പ്രവേശിച്ചയുടനെ മന്ന നിന്നുപോകുകയും സർവവും ഉൾക്കൊള്ളുന്ന ദേശത്തിന്റെ സമ്പന്നമായ ഉൽപ്പന്നങ്ങൾ ആസ്വദിക്കുവാൻ തുടങ്ങുകയും ചെയ്തു (യോശു. 5:11-12). പെസഹക്കുഞ്ഞാടും സ്വർഗീയ മന്നയും ജീവജലവും കനാനെന്ന നല്ലദേശത്തിന്റെ ഉൽപന്നങ്ങളും ക്രിസ്തുവിന്റെ സമ്പന്നതയുടെ വിവിധ വശങ്ങളാണ്. യിസ്രായേൽമക്കൾ മിസ്രയീമിൽവച്ച് രക്ഷിക്കപ്പെട്ടിരുന്നുവെങ്കിൽ അവർ ഒരിക്കലും മന്ന ആസ്വദിക്കുകയില്ലായിരുന്നു. അവർ കനാൻദേശത്തിലേക്കു പ്രവേശിക്കാതിരുന്നെങ്കിൽ, അവർ ഒരിക്കലും നല്ല ദേശത്തിന്റെ സമ്പന്ന ഉൽപന്നങ്ങൾ ആസ്വദിക്കുകയില്ലായിരുന്നു. രക്ഷയുടെ വിവിധ ഘട്ടങ്ങളിലുള്ള ക്രിസ്തുവിന്റെ സമ്പന്നമായ ആസ്വാദനത്തിനായി ഹല്ലേലൂയ്യാ!

കനാനിലേക്കുള്ള രക്ഷ എന്ന അവരുടെ രക്ഷയുടെ മൂന്നാം ഘട്ടത്തിൽ, യിസ്രായേല്യർ വിശ്രമത്തിലേക്കു പ്രവേശിച്ചു (ആവ. 12:9). രക്ഷയുടെ മൂന്നു ഘട്ടങ്ങളിലുള്ള ക്രിസ്തുവിന്റെ സമ്പന്നമായ എല്ലാ ആസ്വാദനവും ഭൂമിയിൽ മനുഷ്യരുടെ ഇടയിൽ ദൈവത്തിന്റെ ആവിഷ്കാരവും ദൈവത്തിന്റെ ദിവ്യ ഭരണകൂടവും ഉണ്ടായിരിക്കേണ്ടതിന് നല്ലദേശം കൈവശമാക്കുന്നതിനും ആലയം പണിയുന്നതിനും വേണ്ടിയാണ്. ക്രിസ്തുവിന്റെ സമ്പന്നമായ ആസ്വാദനത്തോടുകൂടെയുള്ള ദൈവത്തിന്റെ സമ്പൂർണ രക്ഷ ദൈവത്തിന്റെ ആവിഷ്കാരത്തിനും രാജ്യത്തിനും വേണ്ടിയാണ്. മിസ്രയീമിൽനിന്ന് മരുഭൂമിയിലൂടെ നല്ലദേശത്തിലേക്കുള്ള രക്ഷ പൂർണമായും ദൈവത്തിന്റെ ആവിഷ്കാരത്തിനും രാജ്യത്തിനും വേണ്ടിയാണ്. നാം കണ്ടതുപോലെ, ദൈവത്തിന്റെ ആവിഷ്കാരവും രാജ്യവും ഉള്ളിടത്ത് ശബ്ബത്തിൻ വിശ്രമമുണ്ട്. ദൈവത്തിന്റെ

തേജസ്സ് ആലയമായ അവന്റെ ഭവനത്തെ നിറച്ചപ്പോൾ, അവന്റെ സകല ജനവും അവന്റെ സന്നിധിയിൽ വിശ്രമിച്ചു. അത് ദൈവത്തിനും രക്ഷിക്കപ്പെട്ട അവന്റെ ജനത്തിനും ഒരു ശബ്ബത്തായിരുന്നു. അതുകൊണ്ട് ദൈവം തന്റെ രക്ഷിക്കപ്പെട്ട ജനത്തോടുകൂടെ വിശ്രമിക്കേണ്ടതിന്, ദൈവത്തിന്റെ രക്ഷയുടെ മൂന്നു ഘട്ടങ്ങൾ അവന്റെ ആവിഷ്കാരത്തിനും രാജ്യത്തിനും വേണ്ടിയാണെന്ന് നാം വ്യക്തമായി കാണുന്നു.

നാം ചൂണ്ടിക്കാണിച്ചതുപോലെ, യിസ്രായേൽമക്കൾക്കുവേണ്ടി ഉദ്ദേശിച്ച ദൈവത്തിന്റെ സമ്പൂർണ രക്ഷയിൽ പെസഹക്കുഞ്ഞാടു മുഖാന്തരമുള്ള വീണ്ടെടുപ്പും, മിസ്രയീമിൽനിന്നുള്ള പുറപ്പാടും, സ്വർഗീയ മന്നയാലുള്ള വിശപ്പടക്കലും, പിളർക്കപ്പെട്ട പാറയിൽനിന്നുള്ള ജീവജലത്താലുള്ള ദാഹം ശമിപ്പിക്കലും, കനാനെന്ന നല്ലദേശത്തിന്റെ സമ്പന്നതയിൽ പങ്കുകൊള്ളുന്നതും ഉൾപ്പെടുന്നു. എല്ലാ യിസ്രായേല്യരും പെസഹക്കുഞ്ഞാടിലും സ്വർഗീയ മന്നയിലും ജീവജലത്തിലും ഓഹരിക്കാരായെങ്കിലും, മിസ്രയീമിൽനിന്നുള്ള പുറപ്പാടിലുണ്ടായിരുന്നവരിൽ യോശുവയും കാലേബും മാത്രമേ നല്ല ദേശത്തു പ്രവേശിക്കുകയും അതിൽ പങ്കുകൊള്ളുകയും ചെയ്തുള്ളൂ; ബാക്കിയുള്ളവരെല്ലാം മരുഭൂമിയിൽ വീണുപോയി (സംഖ്യ. 14:30; 1 കൊരി. 10:1-11). എല്ലാവരും വീണ്ടെടുക്കപ്പെട്ടെങ്കിലും ജയാളികളായ രണ്ടുപേർ, യോശുവയും കാലേബും മാത്രമേ നല്ലദേശം എന്ന സമ്മാനം നേടിയുള്ളൂ.

പെസഹക്കുഞ്ഞാടും സ്വർഗീയ മന്നയും ജീവജലവും കനാനെന്ന നല്ലദേശത്തിന്റെ ഉൽപന്നങ്ങളുമെല്ലാം ക്രിസ്തുവിന്റെ വിവിധ വശങ്ങളുടെ മുൻകുറികളാണ്. യിസ്രായേൽമക്കളെക്കുറിച്ച് ചിത്രീകരിച്ചതനുസരിച്ച്, ക്രിസ്തു മുഖാന്തരം വീണ്ടെടുക്കപ്പെട്ട എല്ലാ വിശ്വാസികളും അവരുടെ വിശ്രമമായും, അവരുടെ സംതൃപ്തിയായും സഭായുഗത്തിലും വരാനിരിക്കുന്ന രാജ്യത്തിലും അവർക്കുള്ള സമ്മാനമായി ക്രിസ്തുവിൽ പങ്കുകൊള്ളുകയില്ല. വീണ്ടെടുക്കപ്പെട്ടതിനുശേഷം ക്രിസ്തുവിനെ ശുഷ്കാന്തിയോടെ അന്വേഷിക്കുന്നവർ മാത്രമേ അങ്ങനെ ചെയ്യുകയുള്ളൂ. ഇതുകൊണ്ടാണ് പൂർണമായി വീണ്ടെടുക്കപ്പെട്ടെങ്കിലും അപ്പൊസ്തലനായ പൗലൊസ് ഒരു സമ്മാനമായി ക്രിസ്തുവിനെ നേടേണ്ടതിന് അപ്പോഴും ലക്ഷ്യത്തിലേക്ക് മുന്നോട്ടാഞ്ഞുകൊണ്ടിരുന്നത് (ഫിലി. 3:10-14). താൻ യെഹൂദമതത്തിലായിരുന്നുവെന്നും എന്നാൽ ക്രിസ്തുവിനുവേണ്ടി അവൻ അതിനെ ഉപേക്ഷിച്ചുവെന്നും ഫിലിപ്പിയർ 3-ൽ പൗലൊസ് പറയുന്നു (വാക്യം 4-9). യെഹൂദമതം ഉപേക്ഷിക്കുവാനും അവർക്ക് സമ്മാനം നഷ്ടപ്പെടാതിരിക്കുന്നതിന് ക്രിസ്തുവിലേക്കു മുന്നോട്ടായുവാനും എബ്രായ വിശ്വാസികളെ ഉത്സാഹിപ്പിക്കുന്നതിൽ ഇവിടെ എഴുത്തുകാരൻ എബ്രായലേഖനത്തിൽ ഇതേ ആശയം പിടിച്ചുകൊള്ളുന്നു.

## II. പുതിയനിയമ വിശ്വാസികളെ സംബന്ധിച്ച്

### A. ലോകത്തിൽനിന്നുള്ള രക്ഷ

യിസ്രായേൽമക്കളുടെ രക്ഷയുടെ മുൻകുറിയനുസരിച്ച്, പുതിയനിയമ വിശ്വാസികളുടെ രക്ഷയും മൂന്നു ഘട്ടങ്ങളിലാണ്. ഒന്നാമതായി, നാം ലോകത്തിൽനിന്നുള്ള രക്ഷ അനുഭവമാക്കുന്നു. നാം യേശുവിന്റെ രക്തം മുഖാന്തരം നീതീകരിക്കപ്പെടുകയും (റോമ. 3:22-25) ലോകത്തിൽനിന്നും വേർതിരിക്കപ്പെടുകയും ചെയ്യുന്നു (ഗലാ. 1:4; 6:14). ആരെങ്കിലും ലോകത്തിൽനിന്നും പുറപ്പെട്ടിട്ടില്ലെങ്കിൽ, അവൻ തന്റെ രക്ഷയുടെ ആദ്യത്തെ ഘട്ടം പൂർത്തിയാക്കിയിട്ടില്ല. ക്രിസ്തുമതത്തിൽ വാഗ്ദാനം ചെയ്യുന്ന രക്ഷ, പുറപ്പാടു കൂടാതെ ക്രിസ്തുവിന്റെ രക്തം മുഖാന്തരം വിശ്വാസത്താലുള്ള നീതീകരണത്തോടുകൂടെയുള്ള ഒരു രക്ഷയാണ്. ഇന്ന് ക്രിസ്തുവിന്റെ രക്തം മുഖാന്തരം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടവരും, എന്നാൽ ഇപ്പോഴും ലോകത്തിൽത്തന്നെ ആയിരിക്കുന്നവരുമായ ദശലക്ഷക്കണക്കിന് യഥാർഥ ക്രിസ്ത്യാനികളുണ്ട്. അവർക്ക് ഒരു പുറപ്പാട് ആവശ്യമാണ്. മതം ഉൾപ്പെടുന്ന ലോകത്തിൽനിന്നും നാം പുറത്തായിരിക്കുന്നു എന്നതിനായി നാം കർത്താവിനെ സ്തുതിക്കുന്നു. നാം യെഹൂദ മതത്തിൽനിന്നും കത്തോലിക്കാ മതത്തിൽനിന്നും പ്രൊട്ടസ്റ്റന്റ് മതത്തിൽനിന്നും പുറത്താണ്.

### B. ദേഹിയിലൂടെയുള്ള രക്ഷ

നമ്മുടെ രക്ഷയുടെ രണ്ടാം ഘട്ടം ദേഹിയിലൂടെയുള്ള രക്ഷയാണ്, അതിൽ വിശുദ്ധീകരിക്കപ്പെടുന്നതും (റോമ. 6:19, 22) രൂപാന്തരപ്പെടുന്നതും ഉൾപ്പെടുന്നു (റോമ 12:2). ദേഹി എന്നത് നല്ലൊരു പദമല്ലെന്ന് അനേകരും ചിന്തിക്കുന്നു. നാം അങ്ങനെ പറയരുത്. ദേഹി ഒന്നുകിൽ വളരെ നല്ലതോ അല്ലെങ്കിൽ വളരെ മോശമോ ആകാം. നാം നീതീകരിക്കപ്പെടുകയും വീണ്ടുംജനിക്കുകയും ചെയ്തശേഷം, നാം വിശുദ്ധീകരിക്കപ്പെടുകയും രൂപാന്തരപ്പെടുകയും ചെയ്യേണ്ടത് ആവശ്യമാണെന്ന് പുതിയനിയമം വെളിപ്പെടുത്തുന്നു. കഴിഞ്ഞ വർഷങ്ങളിൽ, വിശുദ്ധീകരണം ഉൾപ്പെടുന്ന രൂപാന്തരം നമ്മുടെ ദേഹിയെ സംബന്ധിച്ചാണെന്നു നാം വ്യക്തമാക്കിയിട്ടുണ്ട്. നമ്മുടെ ദേഹി, അതായത് നമ്മുടെ ആളത്തം, വിശുദ്ധീകരിക്കപ്പെടുകയും രൂപാന്തരപ്പെടുകയും, ക്രിസ്തു താൻ ആയിരിക്കുന്നതിനാലെല്ലാം സാന്ദ്രീകരിക്കപ്പെടുകയും വേണം. നമ്മുടെ ആത്മാവിലുള്ള ക്രിസ്തുവിന്റെ സാരാംശവും മൂലകവും സത്തയും നമ്മുടെ ദേഹിയിലേക്കു വ്യാപിക്കണം. ക്രിസ്തുവിന്റെ ദിവ്യസാരാംശം നമ്മുടെ ആത്മാവിലേക്കു വിതെക്കപ്പെട്ടിട്ടുണ്ടെന്നതിനു സംശയമില്ല. നമ്മുടെ ദേഹി അവന്റെ ദിവ്യ മൂലകത്താൽ പൂർണമായി

രൂപാന്തരപ്പെടുന്നതുവരെ ഇപ്പോൾ അത് നമ്മുടെ ദേഹിയിൽ അഭിവ്യാപിക്കുകയും സാന്ദ്രീകരിക്കുകയും വേണം. രൂപാന്തരം വെറുമൊരു മാറ്റമല്ല; അത് അർഥമാക്കുന്നത് ക്രിസ്തുവിന്റെ ദിവ്യ സാരാംശം നമ്മിലേക്കു പണിതുചേർക്കപ്പെടുന്നു എന്നാണ്. തുണിത്തരങ്ങൾ നെയ്യുന്നതുപോലെ ക്രിസ്തുവിനെ നമ്മിലേക്കു നെയ്തു ചേർത്തിരിക്കുന്നു എന്ന അർഥത്തിൽ ആൻഡ്രൂ മുറെ "നെയ്യുക" എന്ന പദം ഉപയോഗിച്ചു. നമ്മുടെ ശുശ്രൂഷയുടെ പ്രാരംഭ നാളുകളിൽ ഒരു ഉദാഹരണമായി ഞങ്ങൾ ഈ പദപ്രയോഗം ഉപയോഗിച്ചിരുന്നു. അതു തെറ്റല്ലെങ്കിലും, അങ്ങനെയുള്ള ഒരു പ്രയോഗം വേദപുസ്തകത്തിൽ കണ്ടെത്തുവാൻ നമുക്കു കഴിയുകയില്ല. പകരം, ഇഴുകിച്ചേരുക അല്ലെങ്കിൽ ഇഴുകിച്ചേരൽ എന്നീ പദങ്ങൾ വേദപുസ്തകം ഉപയോഗിക്കുന്നു.

ഭോജനയാഗത്തെക്കുറിച്ചു സംസാരിക്കുമ്പോൾ നേരിയമാവ് എണ്ണയുമായി ഇഴുകിച്ചേരണമെന്ന് ലേവ്യപുസ്തകം 2:4 പറയുന്നു. ഒരു വേദപുസ്തക പ്രയോഗമായ ഇഴുകിച്ചേരുക എന്ന പദം നെയ്യുക എന്ന പദപ്രയോഗത്തെക്കാൾ നല്ലതാണ്. ലേവ്യപുസ്തകം 2-ലെ ഭോജനയാഗത്തിന്റെ ചിത്രം പരിഗണിക്കുക. നേരിയ മാവ് എണ്ണയുമായി ഇഴുകിച്ചേർന്നു, അതായത് അഭിവ്യാപിക്കുകയും സാന്ദ്രീകരിക്കുകയും ചെയ്തു. ഒടുവിൽ, നേരിയ മാവ് രൂപാന്തരപ്പെടുന്നു, സ്വയമായ മാറ്റത്താലല്ല, മറിച്ച് എണ്ണയുമായി ഇഴുകിച്ചേരുന്നതിലൂടെ. നേരിയ മാവ് മനുഷ്യത്വത്തെ സൂചിപ്പിക്കുകയും എണ്ണ ദിവ്യത്വത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ മനുഷ്യത്വം തന്റെ ദിവ്യത്വവുമായി ഇഴുകിച്ചേരണമെന്നാണ് തന്റെ വ്യവസ്ഥയിലെ ദൈവത്തിന്റെ ഇംഗിതം. നേരിയ മാവായ നാമും എണ്ണയായ അവനും ഒരുമിച്ചു ഇഴുകിച്ചേരണം. നേരിയ മാവ് എണ്ണയുമായി ഇഴുകിച്ചേരുമ്പോൾ, നേരിയ മാവിനും എണ്ണയ്ക്കും അപ്പോഴും അവയുടെ സ്വന്തം സാരാംശം ഉണ്ടായിരിക്കും. അതുപോലെ, മനുഷ്യത്വത്തിന്റെയും ദിവ്യത്വത്തിന്റെയും ഇഴുകിച്ചേരലിൽ മനുഷ്യത്വത്തിന്റെയും ദിവ്യത്വത്തിന്റെയും സാരാംശം നിലനിൽക്കുമെങ്കിലും, ഈ രണ്ടു സാരാംശങ്ങളും ഒരു അസ്തിത്വമായി ഇഴുകിച്ചേരുന്നു. ദൈവം നാമുമായി ഇഴുകിച്ചേരുന്നതിന്റെ ആശ്ചര്യകരവും വ്യക്തവുമായ ഒരു ചിത്രമാണിത്. ഈ ഇഴുകിച്ചേരലാണ് നമ്മുടെ രൂപാന്തരം.

എന്താണ് രൂപാന്തരം? ഇത് ധാർമികമായ തിരുത്തലോ സദാചാരപരമായ സ്വഭാവത്തിന്റെ മാറ്റമോ അല്ല. രൂപാന്തരം അർഥമാക്കുന്നത് കർത്താവിന്റെ വീണ്ടെടുപ്പിൻ രക്തത്താൽ ആദ്യം നമ്മുടെ മനുഷ്യത്വം ശുദ്ധീകരിക്കപ്പെടുന്നതും, അതിനുശേഷം നാം സ്ഥാനപരമായും സ്വഭാവപരമായും വിശുദ്ധമാക്കപ്പെട്ട്, വിശുദ്ധീകരിക്കപ്പെടുന്നതുവരെ പരിശുദ്ധാത്മാവ് എന്ന അഭിഷേകതൈലവുമായി ഇഴുകിച്ചേരുന്നതുമാണ്. നമ്മുടെ

രക്ഷയുടെ രണ്ടാം ഘട്ടമായ ഈ ഘട്ടത്തിൽ, നാം ക്രിസ്തുവിനെ സ്വർഗീയ മന്നയായും, ക്രിസ്തു തന്നെയായ പിളർക്കപ്പെട്ട പാറയിൽനിന്നു പുറപ്പെടുന്ന ജീവൻ നൽകുന്ന ആത്മാവായ ജീവജലമായും ആസ്വദിക്കുന്നു. രൂപാന്തരത്തിന്റെ ഈ ഘട്ടത്തിൽ, നാം ക്രിസ്തുവിനെ സമ്പന്നവും കൂടുതൽ വ്യക്തിനിഷ്ഠവുമായ രീതിയിൽ ആസ്വദിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ നിരവധി വിശുദ്ധന്മാരെ ഇങ്ങനെയുള്ള ഒരു രൂപാന്തരത്തിന്റെ വാസ്തവികതയിലേക്കു കൊണ്ടുവന്നതിനായി നാം കർത്താവിനെ സ്തുതിക്കുന്നു. ചില ബാഹ്യ ക്രമീകരണവും തിരുത്തലും ഉണ്ടായിരുന്നുവെങ്കിലും, നമ്മുടെ ആശ്രയം ഇതിലല്ല, മറിച്ച് കർത്താവിന്റെ ആശ്ചര്യകരമായ രൂപാന്തര വേലയിലാണ്. 2 കൊരിന്ത്യർ 3:18 പറയുന്നു, "എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽനിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു" (യവനഭാഷ). നമുക്കെല്ലാവർക്കും ഈ രൂപാന്തരം ആവശ്യമാണ്. ഹല്ലേലൂയ്യാ, നാം ഇപ്പോൾ നമ്മുടെ രക്ഷയുടെ രണ്ടാം ഘട്ടത്തിലൂടെ കടന്നുപോകുന്നു!

യഥാർഥ സഭാജീവിതം രൂപാന്തരംകൊണ്ടു നിറഞ്ഞിരിക്കുന്നതാണ്. സഭകളിലെ ചെറുപ്പക്കാർക്കിടയിൽ സംഭവിക്കുന്ന രൂപാന്തരം കണ്ട് ഞാൻ അത്യന്തം ഉത്സാഹഭരിതനാകുന്നു. സഭകൾ മുന്നോട്ടുപോകുന്നു. ജീവന്റെ വഴിയിൽ ഇളയവരെ കരുതേണ്ട ആവശ്യം നമുക്കുണ്ടെങ്കിലും വിശുദ്ധന്മാരെ നാം വളരെയധികം തിരുത്തേണ്ട ആവശ്യമില്ല. സഭയിലെ ചെറുപ്പക്കാർ ദിവ്യജീവനാൽ രൂപാന്തരപ്പെടുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു. എത്ര അത്ഭുതകരമായ രൂപാന്തരം!

## C. ആത്മാവിലേക്കുള്ള രക്ഷ

നമ്മുടെ രക്ഷയുടെ മൂന്നാമത്തെ ഘട്ടം നമ്മുടെ ആത്മാവിലേക്കുള്ള രക്ഷയാണ്. നാമെല്ലാവരും മരുഭൂമി വിടുകയും നദി മുറിച്ചുകടന്ന് നമ്മുടെ ആത്മാവിലേക്കു വരുകയും വേണം, അവിടെ നാം ക്രിസ്തുവിനെ നമ്മുടെ ജീവനായി ആസ്വദിക്കുന്നു (റോമ. 8:10; 2 തിമൊ. 4:22), അവിടെയാണ് നാം ജീവിക്കുകയും നടക്കുകയും ചെയ്യേണ്ടത് (റോമ. 8:4; ഗലാ 5:16 , 25). ഇവിടെ ആത്മാവിൽ നമുക്ക് ദൈവത്തിന്റെ നിവാസവും സ്വർഗീയ ഗോവണിയും സ്വർഗത്തിന്റെ കവാടവും ഉണ്ട്. അതുകൊണ്ട്, നമ്മുടെ ആത്മാവിലാണ് ദൈവരാജ്യത്തോടുകൂടെയുള്ള ദൈവത്തിന്റെ ആവിഷ്കാരം ഉള്ളത്. ഇവിടെ നാം സ്വർഗീയ വിശ്രമമെന്ന ശബ്ബത്ത് ആസ്വദിച്ചുകൊണ്ടിരിക്കുന്നു.

## III. കൂടാരത്തിലെ (ആലയം) അനുഭവങ്ങളോട് ഒത്തിരിക്കുന്നു

### A. പുറത്തെ പ്രാകാരത്തിലുള്ള അനുഭവങ്ങൾ

കൂടാരത്തിനും ആലയത്തിനും മൂന്നു ഭാഗങ്ങളുള്ളതിനാൽ, ദൈവത്തിന്റെ രക്ഷയുടെ മൂന്നു ഘട്ടങ്ങൾ കൂടാരത്തിലെയും ആലയത്തിലെയും അനുഭവങ്ങളുമായി ഒത്തിരിക്കുന്നു. ഒന്നാമതായി, നമുക്ക് പുറത്തെ പ്രാകാരത്തിലുള്ള അനുഭവങ്ങളുണ്ട്, അവിടെ നാം യാഗപീഠത്തിൽവച്ച് വീണ്ടെടുക്കപ്പെടുകയും (ലേവ്യ. 4:7) തൊട്ടിയിൽവച്ച് കഴുകപ്പെടുകയും ചെയ്യുന്നു (പുറ. 30:18-21). തൊട്ടിയിൽവച്ചുള്ള കഴുകൽ യഥാർഥ നദി മുറിച്ചുകടക്കലാണ്. ഇത് ലോകത്തിൽനിന്നുള്ള നമ്മുടെ രക്ഷയോട് ഒത്തിരിക്കുന്നു.

### B. വിശുദ്ധസ്ഥലത്തിലുള്ള അനുഭവങ്ങൾ

രണ്ടാമതായി, നമുക്ക് വിശുദ്ധസ്ഥലത്തിലുള്ള അനുഭവങ്ങളുണ്ട്, അവിടെ നാം കാഴ്ചയപ്പത്താൽ പോഷിപ്പിക്കപ്പെടുകയും (പുറ. 25:30), നിലവിളക്കിനാൽ പ്രകാശിപ്പിക്കപ്പെടുകയും (പുറ. 25:37), ധൂപപീഠം മുഖാന്തരം സ്വീകരിക്കപ്പെടുകയും ചെയ്യുന്നു (പുറ. 30:7). ഇത് നമ്മുടെ ദേഹിയിലുള്ള രൂപാന്തരത്തോട് ഒത്തിരിക്കുന്നു.

### C. അതിവിശുദ്ധസ്ഥലത്തിലുള്ള അനുഭവങ്ങൾ

മൂന്നാമതായി, നമുക്ക് അതിവിശുദ്ധസ്ഥലത്തിലുള്ള അനുഭവങ്ങളുണ്ട്, അവിടെ നാം ദൈവത്തിന്റെ സാന്നിദ്ധ്യത്തെ ആസ്വദിക്കുകയും (പുറ. 25:22) ദൈവത്തിന്റെ ഷെക്കീനാതേജസ്സിൽ പങ്കെടുക്കുകയും ചെയ്യുന്നു. ഇവിടെ, അതിവിശുദ്ധസ്ഥലത്തിൽ നാം ദൈവത്തിന്റെ നിവാസത്തിലാണ്. ഇവിടെ നാം ശബ്ബത്തിൻ വിശ്രമത്തിലാണ്. ഇത് നമ്മുടെ ആത്മാവിലേക്കുള്ള രക്ഷയോട് ഒത്തിരിക്കുന്നു.

## IV. എബ്രായ വിശ്വാസികളുടെ സാഹചര്യം

എബ്രായ വിശ്വാസികൾ ഒന്നാം ഘട്ടത്തിൽ രക്ഷിക്കപ്പെട്ടിരുന്നുവെങ്കിലും രണ്ടാം ഘട്ടത്തിൽ ഇടറുകയായിരുന്നു. അവർ മനസ്സിൽ ആശ്ചര്യപ്പെട്ടുകൊണ്ട് ദേഹിയിൽ അലഞ്ഞുതിരിയുകയും, ഒന്നാം ഘട്ടത്തിലേക്കു മടങ്ങിപ്പോകുവാനുള്ള അപകടത്തിലും ആയിരുന്നു. എബ്രായലേഖനം എഴുതിയത് അവർക്ക് മുന്നറിയിപ്പു നൽകുവാനും, മൂന്നാം ഘട്ടമായ നല്ല ദേശത്തിന്റെ വിശ്രമത്തിലേക്കും (എബ്രാ. 4:11) ആത്മാവിലുള്ള അതിവിശുദ്ധസ്ഥലത്തിലേക്കും (10:19-20) പ്രവേശിക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുവാനുമാണ്.

നല്ലദേശത്തിന്റെ വിശ്രമത്തിലേക്കു പ്രവേശിക്കുന്നത്, വരാനിരിക്കുന്ന രാജ്യത്തിലേക്ക് ആനയിക്കപ്പെടുക എന്ന പ്രതീക്ഷയോടെ സഭാജീവിതത്തിലേക്കു പ്രവേശിക്കുന്നതാണ്. അതിവിശുദ്ധസ്ഥലത്തിലേക്കു പ്രവേശിക്കുന്നത് ആത്മാവിൽ ആയിരിക്കുന്നതാണ്. ശബ്ബത്തിൻ വിശ്രമത്തിലേക്കും ശരിയായ സഭാജീവിതത്തിലേക്കും പ്രവേശിക്കുന്നത് മൊത്തത്തിൽ നമ്മുടെ ആത്മാവിനെ സംബന്ധിച്ച ഒരു കാര്യമാണ്. ഇന്ന് സ്വർഗത്തിലുള്ള ദൈവസിംഹാസനവും അതിവിശുദ്ധസ്ഥലവും, രണ്ടും നമ്മുടെ ആത്മാവിനോട് യോജിപ്പിച്ചിരിക്കുന്നു. തന്മൂലം, നമ്മുടെ ആത്മാവ് ഏറ്റവും നിർണായകമായ ഒരു സ്ഥലമാണ്. ഇവിടെ, നമ്മുടെ ആത്മാവിൽ, നമുക്ക് ദൈവത്തിന്റെ നിവാസവും സ്വർഗീയ ഗോവണിയും സ്വർഗത്തിന്റെ കവാടവും ദൈവസിംഹാസനവും അതിവിശുദ്ധസ്ഥലവും ഉണ്ട്. ഇവിടെ, ആത്മാവിൽ, നാം സഭാജീവിതം ആസ്വദിക്കുകയും വരാനിരിക്കുന്ന രാജ്യത്തിലെ ശബ്ബത്തിൻ വിശ്രമത്തിലേക്ക് നമ്മെ ആനയിക്കുന്ന ഇപ്പോഴത്തെ ശബ്ബത്തിലായിരിക്കുകയും ചെയ്യുന്നു.

4:11-ൽ എഴുത്തുകാരൻ പറഞ്ഞു, "അതുകൊണ്ട് അനുസരണക്കേടിന്റെ അതേ ദൃഷ്ടാന്തപ്രകാരം ആരും വീണുപോകാതിരിക്കേണ്ടതിന് ആ വിശ്രമത്തിലേക്കു പ്രവേശിക്കുവാൻ നമുക്ക് ശുഷ്കാന്തിയുള്ളവരാകാം." വചനത്തിന്റെ ഈ ഭാഗത്തു പറഞ്ഞിരിക്കുന്ന വിശ്രമം സർവവും ഉൾക്കൊള്ളുന്ന ക്രിസ്തു ആയതിനാൽ, അതിൽനിന്നു വീണുപോകുന്നത് ക്രിസ്തുവിൽനിന്നു വീണുപോകുന്നതാണ് (ഗലാ. 5:4, യവനഭാഷ. "നിങ്ങൾ ക്രിസ്തുവിൽനിന്ന് വിച്ഛേദിക്കപ്പെട്ട്"). ഗലാത്യ വിശ്വാസികൾ കൃപയുടെ സ്വാതന്ത്ര്യത്തിൽനിന്ന് ന്യായപ്രമാണത്തിന്റെ അടിമത്തത്തിലേക്ക് ഒഴുകിപ്പോകുമെന്നതായിരുന്നു ഗലാത്യലേഖനത്തിലെ അപകടം (ഗലാ. 5:1-4). കൃപയുടെ സ്വാതന്ത്ര്യത്തിൽ ഉറച്ചുനിൽക്കുവാൻ, അതായത് ക്രിസ്തുവിൽനിന്നു വിച്ഛേദിക്കപ്പെടാതിരിക്കുവാൻ, പൗലൊസ് അവരെ ഉപദേശിച്ചു. എബ്രായ വിശ്വാസികൾ ന്യായപ്രമാണ പ്രകാരമുള്ള പഴയ മതത്തെ ഉപേക്ഷിക്കാതിരിക്കുകയും ക്രിസ്തുവിനെ അവരുടെ വിശ്രമമായി ആസ്വദിക്കാതിരിക്കുകയും ചെയ്യും എന്നതായിരുന്നു ഇവിടെ എബ്രായലേഖനത്തിലുള്ള അപകടം. അവർ ഇപ്പോഴും അവരുടെ പഴയ മതത്തിൽ, അതായത് യെഹൂദമതത്തിൽ ചാഞ്ചാടുകയാണെങ്കിൽ, അവരുടെ വിശ്രമമായ ക്രിസ്തുവിൽ അവർ കുറവുള്ളവരാകും. ക്രിസ്തുവിന്റെ പങ്കാളികളെന്ന നിലയിൽ അവനെ അവരുടെ വിശ്രമമയി ആസ്വദിക്കേണ്ടതിന്, ക്രിസ്തുവിന്റെ കൂട്ടാളികൾ എന്ന നിലയിൽ അവനോടുകൂടെ വിശ്രമത്തിലേക്കു മുന്നോട്ടായുവാൻ ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ ആത്മാർഥമായി അവരെ ഉത്സാഹിപ്പിച്ചു.

യിസ്രായേൽമക്കൾ നല്ലദേശത്തിന്റെ വിശ്രമത്തിയിലേക്കു പ്രവേശിക്കുന്നതിൽനിന്നു വീണുപോകുന്നതിനെ എബ്രായർ 3:7 മുതൽ 4:11 വരെയുള്ള ഭാഗം പരാമർശിക്കുന്നു. അവരോടുകൂടെ മിസ്രയീം, മരുഭൂമി, കനാൻ എന്നീ മൂന്നു സ്ഥലങ്ങൾ ഉണ്ടായിരുന്നുവെന്നും, ഈ മൂന്നു സ്ഥലങ്ങളിലുള്ള അവരുടെ ചരിത്രം ദൈവത്തിന്റെ സമ്പൂർണ രക്ഷയിലുള്ള അവരുടെ പങ്കാളിത്തത്തിന്റെ മൂന്നു ഘട്ടങ്ങളെ സൂചിപ്പിക്കുന്നുവെന്നും, ഇത് ദൈവത്തിന്റെ സമ്പൂർണ രക്ഷയിലുള്ള നമ്മുടെ പങ്കാളിത്തത്തിൽ പുതിയനിയമ വിശ്വാസികളായ നമ്മുടെ ഒരു മുൻകുറിയാണെന്നും നാം കണ്ടു. ഒന്നാം ഘട്ടത്തിൽ നാം ക്രിസ്തുവിനെ സ്വീകരിക്കുകയും, ലോകത്തിൽനിന്ന് വീണ്ടെടുക്കപ്പെടുകയും വിടുവിക്കപ്പെടുകയും ചെയ്യു. രണ്ടാം ഘട്ടത്തിൽ കർത്താവിനെ അനുഗമിക്കുന്നതിൽ നാം അലഞ്ഞുതിരിയുന്നവരായിത്തീർന്നു. ഈ അലച്ചിലിൽ എല്ലായ്പ്പോഴും നമ്മുടെ ദേഹിയിൽ സംഭവിക്കുന്നു. മൂന്നാമത്തെ ഘട്ടത്തിൽ നാം പൂർണമായ രീതിയിൽ ക്രിസ്തുവിൽ പങ്കുകൊള്ളുകയും അവനെ ആസ്വദിക്കുകയും ചെയ്യുന്നു. ഇത് നമ്മുടെ ആത്മാവിൽ അനുഭവമാകുന്നു. നാം ഭൗതികവും പാപകരവുമായ കാര്യങ്ങളുടെ സുഖങ്ങൾ പിന്തുടർന്നപ്പോൾ, നാം മിസ്രയീം സൂചിപ്പിക്കുന്ന ലോകത്തിലായിരുന്നു. നാം നമ്മുടെ ദേഹിയിൽ അലഞ്ഞുതിരിയുമ്പോൾ നാം മരുഭൂമിയിലാണ്. യിസ്രായേല്യർ അലഞ്ഞുതിരിഞ്ഞ മരുഭൂമി നമ്മുടെ ദേഹിയെ സൂചിപ്പിക്കുന്നു. നമ്മുടെ ആത്മാവിൽ നാം ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ നാം കനാനിലാണ്. യിസ്രായേല്യർ മരുഭൂമിയിൽ അലഞ്ഞുകൊണ്ടിരിക്കുമ്പോൾ അവർ എപ്പോഴും പിറുപിറുക്കുകയും ന്യായവാദം ചെയ്യുകയും ശണ്ഠകൂടുകയുമായിരുന്നു. അത് തീർച്ചയായും അവരുടെ ആത്മാവിലല്ല, അവരുടെ ദേഹിയിലായിരുന്നു. എന്നാൽ യോശുവയും കാലേബും ദൈവവചനത്തിൽ വിശ്വസിക്കുകയും കർത്താവിനെ അനുസരിക്കുകയും ലക്ഷ്യത്തിലേക്ക് മുന്നേറുകയും ചെയ്യു. ഇത് തീർച്ചയായും അവരുടെ ദേഹിയിലല്ല, അവരുടെ ആത്മാവിലായിരുന്നു. ഈ പുസ്തകത്തിന്റെ സ്വീകർത്താക്കളായ എബ്രായ വിശ്വാസികൾ, അക്കാലത്ത് തങ്ങളുടെ പഴയ യെഹൂദമതത്തോട് എന്തുചെയ്യണമെന്ന് ശങ്കിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവരുടെ മനസ്സിലെ ഈ ശങ്ക അവരുടെ ആത്മാവിലെ ക്രിസ്താനുഭവമല്ല, അവരുടെ ദേഹിയിലെ അലച്ചിലായിരുന്നു. അങ്ങനെ, ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ പറയുന്നത്, ദൈവത്തിന്റെ വചനത്തിന്, അതായത് പഴയനിയമത്തിൽനിന്നും ഉദ്ധരിച്ച വചനത്തിന്, മൂർച്ചയുള്ള ഇരുവായ്ത്തലയുള്ള വാൾ പോലെ അവരുടെ ശങ്കയിലേക്ക് തുളച്ചുകയറുവാനും അവരുടെ ദേഹിയെ അവരുടെ ആത്മാവിൽനിന്നും വേർതിരിക്കുവാനും കഴിയും

എന്നാണ്.

മജ്ജ സന്ധികളിൽ ആഴത്തിൽ മറഞ്ഞിരിക്കുന്നതുപോലെ ആത്മാവ് ദേഹിയിൽ ആഴത്തിൽ മറഞ്ഞിരിക്കുന്നു. സന്ധികളിൽനിന്നും മജ്ജയെ വേർതിരിക്കുന്നതിന് പ്രധാനമായും സന്ധികൾ തകർക്കപ്പെടേണ്ടതുണ്ട്. ഇതേ തത്ത്വത്തിൽ, ആത്മാവിനെ ദേഹിയിൽനിന്നും വേർതിരിക്കുന്നതിന് ആത്മാവിനെ തകർക്കേണ്ടതുണ്ട്. ദൈവത്തിന്റെ രക്ഷാമാർഗത്തെ സംബന്ധിച്ച് സംശയിക്കുകയും അതിന്റെ സ്വന്തം താൽപര്യത്തെ പരിഗണിക്കുകയും ചെയ്യുന്ന എബ്രായ വിശ്വാസികളുടെ ശങ്കിക്കുന്ന മനസ്സോടുകൂടെയുള്ള ദേഹി, ജീവനുള്ളതും വ്യാപരിക്കുന്നതും തുളച്ചുചെല്ലുന്നതുമായ ദൈവവചനത്താൽ, അവരുടെ ആത്മാവ് അവരുടെ ദേഹിയിൽനിന്നു വേർതിരിക്കപ്പെടുവാൻ തകർക്കപ്പെടണമായിരുന്നു. ഇക്കാരണത്താൽ, അവർ ത്യജിക്കേണ്ടിയിരുന്ന അവരുടെ ദേഹിയുടെ അലച്ചലിൽ ചാഞ്ചാടാതെ, അവർ സഹസ്രാബ്ദത്തിലുള്ള ക്രിസ്തുവിന്റെ വാഴ്ചയെന്ന രാജ്യത്തിൻ വശ്രമത്തിൽ പങ്കെടുക്കേണ്ടതിന് സ്വർഗീയ ക്രിസ്തുവിൽ പങ്കുകൊള്ളുവാനും അവനെ ആസ്വദിക്കുവാനുമായി അവരുടെ ആത്മാവിലേക്കു മുന്നോട്ടായണമെന്ന് ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ എബ്രായ വിശ്വാസികളെ ഉപദേശിച്ചു. അവർ തങ്ങളുടെ ദേഹിയുടെ അലച്ചലിൽ ചാഞ്ചാടിയിരുന്നുവെങ്കിൽ, അവർ ദൈവത്തിന്റെ ലക്ഷ്യം നഷ്ടമാക്കുകയും ക്രിസ്തുവിന്റെയും രാജ്യത്തിൻ വിശ്രമത്തിന്റെയും പൂർണ്ണാസ്വാദനത്തിന്റെ നഷ്ടം സഹിക്കുകയും ചെയ്യുമായിരുന്നു.